4. മനുഷ്യമസ്തിഷ്ക്കവും ജ്ഞാനേന്ദ്രിയങ്ങളും

പുതുക്കുളത്തുള്ള പഞ്ചായത്ത് യൂണിയൻ മിഡിൽ സ്കൂളിൽ ഏപ്രിൽ 7-ാം തീയതി ലോകാരോഗ്യദിനം ആഘോഷിച്ചു. പൊതുജന ആരോഗ്യകേന്ദ്രത്തിലെ പ്രഥമ ഡോക്ടർ ചടങ്ങിൽ ആദ്ധ്യക്ഷം വഹിച്ചു.

ഉത്ഘാടനചടങ്ങിനു ശേഷം, ആ സ്കൂളിലെ എല്ലാ കുട്ടികൾക്കും വൈദ്യപരിശോധന നടത്തി.

ഉച്ച കഴിഞ്ഞ്, കുട്ടികൾക്ക് വേണ്ടി ഡോക്ടർ ആരോഗ്യത്തെക്കുറിച്ചും, ശുചിത്വത്തെ കുറിച്ചും ഒരു ബോധവത്ക്കരണ പരിപാടി നടത്തി. അദ്ദേഹം മസ്തിഷ്ക്കത്തെക്കുറിച്ചും പവർപോയിന്റ് അവതരണത്തിലൂടെ ഇന്ദ്രിയാവയവങ്ങളെ കുറിച്ചും വിശദീകരിച്ചു.

മസ്തിഷ്കം

മനുഷ്യമസ്തിഷ്കത്തിന്റെ ഘടന

- മസ്തിഷ്കം സൂക്ഷിച്ചിരിക്കുന്നത് കപാലം അഥവാ തലയോട് എന്ന എല്ലിൻകൂടിനുള്ളിലാണ്. ഇത് ഉണ്ടാക്കിയിരക്കുന്നത് എട്ട് അചല അസ്ഥികൾകൊണ്ടാണ്.
- മസ്തിഷ്കത്തെ സംരക്ഷിക്കുന്ന മൂന്ന് സ്തരങ്ങളെ മെനിഞ്ചസ് എന്നു വിളിക്കുന്നു.
- മസ്തിഷ്കം ന്യൂറോണുകൾ എന്നുവിളിക്കുന്ന ചെറിയ നാഡീകോശങ്ങളാൽ നിർമ്മിതമാണ്
- മസ്തിഷ്കമാണ് നാഡീവ്യവസ്ഥയുടെ കേന്ദ്രം.

മസ്തിഷ്കം നിർമ്മിച്ചിരിക്കുന്നത് മൂന്നു ഭാഗങ്ങളായാണ്.

1. സെറിബ്രം
2. സെറിബെല്ലം
3. മെഡുല്ലഒബ്ലാങ്ഗേറ്റ



സെറിബ്രം

- ഇത് മസ്തിഷ്കത്തിന്റെ ഏറ്റവും വലിയ ഭാഗമാണ്.
- ഇത് മനുഷ്യന്റെ ഓർമ്മശക്തിയുടെ കേന്ദ്രഭാഗമാണ്.



- മനുഷ്യന് ഭാഷകൾ പഠിക്കാനും മനസ്സിലാക്കാനും ചിഹ്നങ്ങൾ വ്യാഖ്യാനിക്കാനും കഴിയുന്നത് സെറിബ്രത്തിന്റെ സഹായത്താലാണ്.
- സെറിബ്രത്തിന്റെ വലതുഭാഗം ശരീരത്തിന്റെ ഇടതുവശം നിയന്ത്രിക്കും. അതുപോലെ തന്നെ തിരിച്ചും.
- ബുദ്ധിശക്തി, ഭാവന, വിവേചനശക്തി എന്നിവയ്ക്കെല്ലാം കാരണം സെറിബ്രം ആകുന്നു.

സെറിബ്രം

സെറിബെല്ലം (ചെറിയ മസ്തിഷ്കം)

- ഇത് സെറിബ്രത്തിന് പുറകിലാണ് സ്ഥിതിചെയ്യുന്നത്.
- ഇത് നമ്മുടെ ശരീരത്തിലെ പേശികളുടെ ചലനത്തെ ഏകോപിപ്പിക്കുന്നു.
- ഇത് ശരീരത്തിന്റെ സന്തുലനാവസ്ഥ നിലനിർത്താൻ സഹായിക്കുന്നു.



സെറിബെല്ലം

നിങ്ങൾക്കറിയാമോ?

1. എന്തുകൊണ്ടാണ് കൂടുതൽ മദ്യപിച്ച ഒരാൾക്ക് സമനില നഷ്ടമാകുന്നത്?

   മദ്യപിച്ചതിന്റെ ഫലമായി, നടക്കാനും സംസാരിക്കാനും കാരണമായ വിവിധതരം പേശികളുടെ നിയന്ത്രണവും ഏകോപനവും സെറിബെല്ലത്തിന് നഷ്ടമാകുന്നു. അതുകൊണ്ട് മദ്യം അധികം അകത്താക്കിയ ഒരാളുടെ സമനില നഷ്ടമാകുകയും അയാളെക്കൊണ്ട് നടക്കാനും സംസാരിക്കാനും കഴിയാതെ വരികയും ചെയ്യുന്നു.

2. ബസിൽ യാത്ര ചെയ്യുന്ന ഒരാൾ ഉറങ്ങുമ്പോൾ, പിന്നിലേക്കും മുന്നിലേക്കും വീഴുന്നു. എന്തുകൊണ്ട് ?

   ബസിൽ യാത്ര ചെയ്യുന്ന ഒരാൾ ഉറങ്ങുമ്പോൾ, സെറിബെല്ലം വിശ്രമാവസ്ഥയിലായിരിക്കുന്നതുകൊണ്ട് ശരീര സന്തുലിതാവസ്ഥ നിലനിർത്തപ്പെടുന്നില്ല. അതിന്റെ ഫലമായി, ബസിലിരുന്ന് ഉറങ്ങുന്ന ഒരാൾ പിന്നിലേക്കും മുന്നിലേക്കും വീഴുന്നു.

മെഡുല്ല ഒബ്ലാങ്ഗേറ്റ

- ഇതിനെ മസ്തിഷ്ക കാണ്ഡം എന്നും വിളിക്കുന്നു.
- ഇതിനെ വൈറ്റൽ നോട്ട് എന്നു വിളിക്കുന്നു. കാരണം ഇത് ശ്വാസോച്ഛ്വാസം, ഹൃദയമിടിപ്പ് തുടങ്ങിയ അനിച്ഛാപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു
- ഇത് മസ്തിഷ്കത്തെ സുഷുമ്നയുമായി യോജിപ്പിക്കുന്നു.

മെഡുല്ല ഒബ്ലാങ്ഗേറ്റ

മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങൾ

- ഇത് തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നു.
- ഇത് ശരീരത്തിന്റെ എല്ലാ ചലനങ്ങളേയും നിയന്ത്രിക്കുന്നു.
- മനുഷ്യരുടെ ബുദ്ധിശക്തി, ഓർമ്മശക്തി, ഭാവനഎന്നിവയ്ക്ക് കാരണം ഇതാണ്.

മസ്തിഷ്കത്തിന്റെ സംരക്ഷണത്തിന്വേണ്ടി

- മദ്യം, മയക്കുമരുന്ന് എന്നിവ ഒഴിവാക്കുക.
- തലയ്ക്ക് പരിക്ക് പറ്റാതെ വളരെ ശ്രദ്ധിക്കുക.
- ഇരുചക്ര വാഹനം ഓടിക്കുമ്പോൾ ഹെൽമറ്റ് ധരിക്കുക.

നിങ്ങൾക്കറിയാമോ?

- മസ്തിഷ്കത്തിന്റെ ശരിയായ പ്രവർത്തനത്തിന് ഓക്സിജന്റെ നിരന്തരമായ വിതരണം ആവശ്യമാണ്.
- മസ്തിഷ്കത്തിന് നാല് മിനിറ്റിൽ കൂടുതൽ ഓക്സിജൻ ലഭിക്കാതിരുന്നാൽ അതിന്റെ പ്രവർത്തനശേഷി നഷ്ടമാകും.
- ആവശ്യത്തിന് ഉറക്കവും ആരോഗ്യകരമായ ഭക്ഷണവും മസ്തിഷ്കത്തിന്റെ കാര്യശേഷി വർദ്ധിപ്പിക്കും.

അദ്ധ്യാപകർക്ക്

നമ്മുടെ ശിരോസംരക്ഷണം വളരെ പ്രാധാന്യം അർഹിക്കുന്നതാണ് - ചർച്ച ചെയ്യുക

ശാസ്ത്രം

ഇന്ദ്രിയങ്ങൾ

നമ്മുടെ ശരീരത്തിൽ അഞ്ച് ഇന്ദ്രിയങ്ങൾ ഉണ്ട്. അവ

1. കണ്ണുകൾ
2. ചെവികൾ
3. മൂക്ക്
4. നാവ്
5. ത്വക്ക്

ഇന്ദ്രിയങ്ങളുടെ പ്രാധാന്യം

- ഇന്ദ്രിയങ്ങൾ പുറംലോകത്തേക്കുള്ള ജാലകങ്ങളായി അനുവർത്തിക്കുന്നു.
- അവ പുറംലോകത്തു നിന്ന് വിവരങ്ങൾ ശേഖരിച്ച് നാഡികൾ വഴി മസ്തിഷ്കത്തിന് അയച്ചുകൊടുക്കുന്നു. മസ്തിഷ്കം വിവരങ്ങൾ സ്വീകരിച്ച് പ്രവർത്തിക്കാനുള്ള ഉത്തരവ് നൽകുന്നു.



കണ്ണുകൾ

- കണ്ണുകൾ കാഴ്ചക്കുള്ള അവയവങ്ങളാണ്.
- അവ ഒരു എല്ലിൻകൂടിനുള്ളിൽ ഭദ്രമായി വച്ചിരിക്കുന്നു
- കൺപോളകളും കൺപീലികളും കണ്ണിനെ പൊടിപടലങ്ങളിൽനിന്ന് സംരക്ഷിക്കുന്നു.

കണ്ണുകളുടെ സംരക്ഷണം

- നാം നമ്മുടെ കണ്ണുകളെ തണുത്ത ജലം ഉപയോഗിച്ച് ദിവസവും കഴുകണം.
- അരണ്ട വെളിച്ചത്തിൽ നാം വായിക്കാൻ പാടില്ല.
- നാം കണ്ണഞ്ചിപ്പിക്കുന്ന പ്രകാശങ്ങളെ നോക്കാൻ പാടില്ല.
- വായിക്കാനും എഴുതാനും ഉപയോഗിക്കുന്ന വസ്തുക്കളെ കണ്ണിൽനിന്ന് ഒരു നിശ്ചിത അകലത്തിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കുക.
- നാം യാത്ര ചെയ്യുമ്പോൾ വായന ഒഴിവാക്കേണ്ടതാണ്.

- കണ്ണിനുള്ളിൽ പൊടി വീണാൽ കണ്ണുകൾ തിരുമ്മാതിരിക്കുക
- വളരെ നേരം ടെലിവിഷൻ കാണുന്നതും വീഡിയോ ഗെയിം കളിക്കുന്നതും കണ്ണിന് കേടുണ്ടാക്കും.
- ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ കണ്ണിൽ യാതൊരു മരുന്നും ഒഴിക്കരുത്.
- വിറ്റാമിൻ A അടങ്ങിയിട്ടുള്ള പച്ചക്കറികൾ, കാരറ്റ്, പാലുൽപ്പന്നങ്ങൾ എന്നിവ കഴിക്കുക.
- നല്ല കാഴ്ച ശക്തിക്ക് വിറ്റാമിൻ എ ആവശ്യമാണ്

നിങ്ങളുടെ ശ്രദ്ധയ്ക്ക്:

നിങ്ങൾക്ക് നിങ്ങളുടെ ക്ലാസ്സ് റൂമിൽ വച്ചിട്ടുള്ള ബ്ലാക് ബോർഡിൽ എഴുതിയിരിക്കുന്നത് വായിക്കാൻ കഴിയുന്നില്ലെങ്കിൽ മാതാപിതാക്കളെ വിവരമറിയിച്ച് ഒരു ഓപ്തമോളജിസ്റ്റിനെ (നേത്രരോഗ വിദഗ്ധൻ) കാണിക്കുക.

ചെവികൾ

- ചെവികൾ പരിസരത്ത് നിന്ന് ശബ്ദങ്ങൾ ശേഖരിച്ച് ശ്രവണനാഡികൾ വഴി മസ്തിഷ്കത്തിന് അയച്ചുകൊടുക്കും



- നമുക്ക് വിവിധതരം ശബ്ദങ്ങളെ തരംതിരിച്ചറിയാൻ കഴിയും.
- കേൾവി, ശരീരസന്തുലനം തുടങ്ങിയ പ്രവർത്തികൾ നിർവ്വഹിക്കുന്നത് നമ്മുടെ ചെവികളാണ്.

ചെവികളുടെ സംരക്ഷണം

- കൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ചെവികൾ ശുചിയാക്കാൻ ശ്രമിക്കരുത്. ഇത് കർണ്ണപടത്തിനെ നശിപ്പിക്കും.
- ചെവികൾക്ക് എന്തെങ്കിലും അസുഖം ഉണ്ടെങ്കിൽ നിങ്ങളുടെ ഡോക്ടറെ സമീപിക്കുക.
- ഇയർഫോണുകൾ ഉപയോഗിച്ച് വളരെ ഉയർന്ന ശബ്ദത്തിൽ പാട്ട് കേൾക്കുന്നത് ഒഴിവാക്കുക.



- ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ യാതൊരു ചികിൽസയും ചെവികളിൽ ചെയ്യാൻ പാടില്ല.
- നിങ്ങളുടെ ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ചെവികൾ വൃത്തിയാക്കുക.

മൂക്ക്

- മൂക്ക് ശ്വസനത്തിന് സഹായിക്കുന്നു.
- മൂക്ക് വ്യത്യസ്ത ഗന്ധങ്ങളെ തരം തിരിച്ചറിയുന്നതിന് സഹായിക്കുന്നു.
- മൂക്കിനകത്തുള്ള ചെറുരോമങ്ങൾ ശ്വാസകോശങ്ങൾക്കുള്ളിൽ പൊടിപടലങ്ങൾ കയറാതെ സംരക്ഷിക്കുന്നു.

നിങ്ങളുടെ ശ്രദ്ധയ്ക്ക്

ഉറങ്ങുമ്പോൾ മുഖം മൂടരുത്

മൂക്കിന്റെ സംരക്ഷണം

- ആവശ്യമില്ലാത്ത സാധനങ്ങൾ മൂക്കിനുള്ളിൽ കടത്തരുത്.
- ജലദോഷമുള്ളപ്പോൾ ശക്തിയായി മൂക്ക് ചീറ്റരുത്.
- പൊതുസ്ഥലങ്ങളിൽ വച്ച് മൂക്ക് ചീറ്റരുത്.

പ്രവർത്തനം

കൂട്ടുകാരുടെ കണ്ണുകൾ കെട്ടുക. ചില സാധനങ്ങൾ മൂക്കിനടുത്തേക്ക് കൊണ്ടുചെല്ലുക. എന്നിട്ട് അവയുടെ ഗന്ധം മനസ്സിലാക്കി എന്താണെന്ന് പറയാൻ ആവശ്യപ്പെടുക.
(മുല്ലപ്പൂ, കാപ്പിപ്പൊടി, തേയില, പനിനീർപ്പൂ, മാങ്ങ, നാരങ്ങ എന്നിവ)

നാവ്

നാവ് രുചിയറിയാനുള്ള ഒരു അവയവമാണ്. നാവിനു മുകളിലുള്ള രുചിമുകുളങ്ങൾ കാരണമാണ് വ്യത്യസ്ത രുചികളായ മധുരം, പുളിപ്പ്, ഉപ്പ്, കയ്പ് എന്നിവ നാം തിരിച്ചറിയുന്നത്.

നാവിന്റെ സംരക്ഷണം

- വളരെയധികം ചൂടുള്ള പാനീയങ്ങൾ അല്ലെങ്കിൽ ഭക്ഷണ പദാർത്ഥങ്ങൾ ഒഴിവാക്കുക, കാരണം അവ രുചിമുകുളങ്ങളെ നശിപ്പിക്കും.
- ഒരു ടംഗ്ക്ലീനർ ഉപയോഗിച്ച് നാവ് എന്നും ശുചിയാക്കണം

പ്രവർത്തനം

താഴെപ്പറയുന്ന ഓരോന്നും നാവിൽവച്ച് രുചിച്ചുനോക്കുക.

ഭക്ഷണ പദാർത്ഥങ്ങൾ	രുചി
പഞ്ചസാര	
ഉപ്പ്	
നാരങ്ങാനീര്	
പാവയ്ക്കാനീര്	

ത്വക്ക്

- ത്വക്കാണ് ഏറ്റവും വലിയ ഇന്ദ്രിയം
- ഇത് നമ്മുടെ ശരീരത്തിന്റെ എല്ലാ ഭാഗത്തും വ്യാപിച്ചിരിക്കുന്നു.
- ത്വക്ക് അതിനടിയിലുള്ള അവയവങ്ങളെ സംരക്ഷിക്കുന്നു.
- ഇത് ഒരു താപനിയന്ത്രകമായി പ്രവർത്തിക്കുന്നു .
- ഇത് ഒരു സ്പർശനാവയവമാണ്.



ത്വക്കിന്റെ സംരക്ഷണം

- എല്ലാ ദിവസവും സോപ്പ് തേച്ച് കുളിക്കുക.
- ത്വക്കിൽ മുറിവ് അല്ലെങ്കിൽ തടിപ്പ് ഉണ്ടായാൽ, ഡോക്ടറുടെ നിർദ്ദേശപ്രകാരം മരുന്നുകൾ കഴിക്കുക.
- ചീരകൾ, കാരറ്റ്, പപ്പായ, മാങ്ങ, കശുവണ്ടിപ്പരിപ്പ് എന്നിവ ത്വക്കിനെ മൃദുവായും തിളക്കത്തോടെയും സംരക്ഷിക്കുന്നു.

പ്രവർത്തനം:

കുട്ടികളെ അഞ്ച് സംഘങ്ങളായി പിരിക്കുക ഓരോ സംഘത്തോടും ഓരോ ജ്ഞാനേന്ദ്രിയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കാൻ ആവശ്യപ്പെടുക.

ഓർമ്മിക്കേണ്ടവ

- മസ്തിഷ്കം സ്ഥിതിചെയ്യുന്നത് കപാലത്തിനുള്ളിലാണ്.
- ഇത് എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രമാണ്.
- സെറിബെല്ലം ചലിക്കുന്നതിനും ശരീരസന്തുലിതാവസ്ഥ നില നിർത്തുന്നതിനും സഹായിക്കുന്നു.
- മെഡുല്ല ഒബ്ലാങ്ഗേറ്റയെ വൈറ്റൽനോട്ട് എന്നും വിളിക്കുന്നു.
- ഇന്ദ്രിയങ്ങൾ അഞ്ച് ആണ് - കണ്ണുകൾ, ചെവികൾ, മൂക്ക്, നാവ്, ത്വക്ക്
- ഇന്ദ്രിയങ്ങൾ ചുറ്റുപാടുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് മസ്തിഷ്കത്തിന് അയച്ചുകൊടുക്കുന്നു.
- നാവിന്റെ ഉപരിതലത്തിൽ രുചി മുകുളങ്ങൾ ഉണ്ട്.
- ത്വക്ക് നമ്മുടെ ശരീരത്തെ സംരക്ഷിക്കുന്നു.
- ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് നാം ഇന്ദ്രിയങ്ങളെ സംരക്ഷിക്കണം.

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക:

1. ________ ആണ് മസ്തിഷ്കത്തിന്റെ ഏറ്റവും വലിയ ഭാഗം.

   a) സെറിബെല്ലം b) സെറിബ്രം c) മെഡുല്ല ഒബ്ളാങ്ഗേറ്റ d) സുഷുമ്ന

2. ________ നെ ആണ് മസ്തിഷ്ക കാണ്ഡം എന്നുപറയുന്നത്.

   a)സെറിബ്രം b)ന്യൂറോൺ c) മെഡുല്ല ഒബ്ളാങ്ഗേറ്റ d)സുഷ്മന

3. ശരീരത്തിലെ ഏറ്റവും വലിയ ഇന്ദ്രിയാവയവം ആണ് ________

   a) കണ്ണുകൾ b) ചെവികൾ c) ത്വക്ക് d) മൂക്ക്

4. രുചിയറിയാനുള്ള അവയവം ________ ആണ്

   a) ത്വക്ക് b)നാവ് c) കണ്ണുകൾ d) സെറിബ്രം

5. ________ തെളിവായ കാഴ്ചയ്ക്ക് ആവശ്യമാണ്.

   a)വിറ്റാമിൻ C b)വിറ്റാമിൻ B c) വിറ്റാമിൻ A d)വിറ്റാമിൻ D

II. പൂരിപ്പിക്കുക.

1. കപാലം ________ അചല അസ്ഥികൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.
2. ശരീരത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്താൻ ________ സഹായിക്കുന്നു.
3. ________ നെ വൈറ്റൽനോട്ട് എന്നും വിളിക്കുന്നു
4. എല്ലാ ശാരീരിക വ്യവസ്ഥകളെയും നിയന്ത്രിക്കുന്നത് ________ ആണ്

III. ശരിയോ തെറ്റോ എന്നെഴുതുക :

1. സെറിബെല്ലമാണ് മനുഷ്യന്റെ ബുദ്ധിയുടെ കേന്ദ്രം.
2. മെഡുല്ല ഒബ്ലാംഗേറ്റ മസ്തിഷ്കത്തിനെ സുഷുമ്നയുമായി ബന്ധിപ്പിക്കുന്നു.
3. വളരെ നേരം ടെലിവിഷൻ കാണുന്നതും വീഡിയോ ഗെയിം കളിക്കുന്നതും കണ്ണുകൾക്ക് നല്ലതാണ്.
4. ഇയർ ഫോണുകൾ ഉപയോഗിച്ച് വളരെ ഉച്ചത്തിൽ പാട്ട് കേൾക്കുന്നത് ഒഴിവാക്കുക.
5. നാവിന്റെ ഉപരിതലത്തിൽ രുചിമുകുളങ്ങൾ ഉണ്ട്.



IV. അപരനെ വട്ടമിടുക

1. a) രുചി b) കേൾവി c) മണം d) ചിന്തിക്കുക
2. a) സെറിബെല്ലം b) സെറിബ്രം c) മെഡുല്ല d) മസ്തിഷ്കം
3. a) ചിന്തിക്കുക b) സന്തുലനം c) ഹൃദയമിടിപ്പ് d) കാഴ്ച
4. a) കപാലം b) നാവ് c) മൂക്ക് d) കണ്ണുകൾ

V. യോജിപ്പിക്കുക

1.	സെറിബെല്ലം	a)	വൈറ്റൽനോട്ട്
2.	സെറിബ്രം	b)	കപാലം
3.	മെഡുല്ല	c)	പുറം ലോകത്തിലേയ്ക്കുള്ള ജാലകം
4.	മസ്തിഷ്കം	d)	ശരീര സന്തുലനം
5.	ഇന്ദ്രിയങ്ങൾ	e)	ഓർമ്മശക്തിയുടെ കേന്ദ്രം

VI. ഒന്നോ രണ്ടോവാക്യത്തിൽ ഉത്തരം എഴുതുക.

1. മസ്തിഷ്കത്തിന്റെ ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങൾ എഴുതുക.
2. എന്താണ് വൈറ്റൽ നോട്ട്? എന്തുകൊണ്ട്?
3. എങ്ങനെയാണ് ഒരു മനുഷ്യൻ മൃഗത്തിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത്?
4. മദ്യപിച്ച ഒരാളുടെ സമനില നഷ്ടമാകുന്നത് എന്തുകൊണ്ട്?
5. ബസ്സിൽ യാത്ര ചെയ്യുമ്പോൾ ഉറങ്ങുന്ന ആൾ മുന്നോട്ടും പിന്നോട്ടും വീഴുന്നു. കാരണം പറയുക.
6. ഇന്ദ്രിയങ്ങൾ പുറം ലോകത്തേയ്ക്കുള്ള ജാലകങ്ങളാണ്. എങ്ങനെ?.
7. നിങ്ങളുടെ സ്നേഹിതന് കാഴ്ച കുറവായതു കാരണം കണ്ണട വയ്ക്കണം.അവന്റെ കാഴ്ചശക്തികൂട്ടാൻ നിങ്ങൾ ഏതൊക്കെ പച്ചക്കറികൾ കഴിക്കാനാണ് അവനോട് ഉപദേശിക്കുക?
8. ത്വക്കിന്റെ ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങൾ എഴുതുക.
9. നാവിന്റെ ഏതു ഭാഗത്താണ് മധുരം അറിയാൻ കഴിയുന്നത്?

VII. വിശദമായി ഉത്തരം എഴുതുക:

1. മസ്തിഷ്കത്തിന്റെ ഏതെങ്കിലും അഞ്ച് പ്രവർത്തനങ്ങൾ പ്രസ്താവിക്കുക.
2. നിങ്ങൾ എങ്ങനെയാണ് കണ്ണിനെ സംരക്ഷിക്കുന്നത്?
3. ചെറു കുറിപ്പെഴുതുക
   a) നാവ്
   b) മൂക്ക്
4. താഴെ കാണുന്ന ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക



a) മസ്തിഷ്കത്തിന്റെ ഏതു ഭാഗമാണ് സന്തുലനാവസ്ഥ നില നിർത്താൻ സഹായിക്കുന്നത്? നിറം കൊടുക്കുക

b) ഹൃദയമിടിപ്പ് നിയന്ത്രിക്കുന്നത് ______________ . അതിന് നിറം കൊടുക്കുക.

c) മസ്തിഷ്കത്തിന്റെ ഏറ്റവും വലിയ ഭാഗം ഏതാണ്? നിറം കൊടുക്കുക.

5. സസ്യശാസ്ത്ര പൂന്തോട്ടം

മേട്ടുപാളയം,
തിയതി ____________

പ്രിയപ്പെട്ട സുഹൃത്ത് സുന്ദറിന്,

തമിഴരശൻ നിനക്കായി എഴുതുന്ന കത്ത്. ഞാനിവിടെ സുഖമായിരിക്കുന്നു.

ഞാൻ ഊട്ടിയിലെ ഒരു സസ്യശാസ്ത്രതോട്ടം പഠനയാത്രയുടെ ഭാഗമായി കഴിഞ്ഞ ആഴ്ച സന്ദർശിച്ചു. എനിക്കുണ്ടായ സന്തോഷകരമായ അനുഭവങ്ങൾ ഈ കത്തിലൂടെ നിന്നോട് പങ്ക് വയ്ക്കാനാഗ്രഹിക്കുന്നു.

ബസ്സ് സ്കൂൾ കാമ്പസിലേയ്ക്ക് വരുന്നതും കാത്ത് ഞങ്ങൾ ആകാംക്ഷയോടെ ഇരിക്കുകയായിരുന്നു. ബസ്സ് വന്നുചേർന്നതും ഓരോരുത്തരായി ബസ്സിനുള്ളിൽ കയറി ഇരുന്നു. ബസ്സ് മേട്ടുപാളയത്തിൻ നിന്ന് ഊട്ടിയിലേയ്ക്ക് യാത്ര തിരിച്ചു.

കുറച്ചുസമയം യാത്ര തുടർന്നുകഴിഞ്ഞപ്പോൾ പ്രകൃതിഭംഗി ഞങ്ങളെ വല്ലാതെ ആകർഷിച്ചു.

ആ മലമ്പാതയിൽ ധാരാളം ഹെയർപിൻ വളവുകൾ ഉണ്ടായിരുന്നു. ജനാലകൾ വഴി തണുത്ത കാറ്റ് ഉള്ളിലേയ്ക്ക് അടിച്ചു. മരങ്ങളെല്ലാം വളരെ പൊക്കത്തിൽ ആകാശംമുട്ടി നിൽക്കുന്നതുപോലെ തോന്നിച്ചു. ചെറിയ അരുവികൾ മലയിൽ നിന്ന് താഴേക്ക് ഒഴുകി. നല്ല ഭംഗിയുള്ള പുൽത്തകിടികളും, ആ പുല്ലിനു മുകളിൽ തങ്ങിനിൽക്കുന്ന ജലത്തുള്ളികളും എന്റെ യാത്രയ്ക്ക് സുഖാനുഭൂതി നൽകി. ഞങ്ങൾക്ക് തേയിലത്തോട്ടങ്ങളും, കവുങ്ങുകളും കാണാൻ കഴിഞ്ഞു.

തേയിലത്തോട്ടം

കവുങ്ങുകൾ

ഞങ്ങൾ ഔഷധമരങ്ങളായ യൂക്കാലിപ്റ്റസ്, സിങ്കോണ തുടങ്ങിയവ കണ്ട് സന്തോഷിച്ചു.

ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന അദ്ധ്യാപകൻ ഞങ്ങൾക്ക് മരങ്ങളുടെ പേരുകൾ പറഞ്ഞുതന്നു. തേക്ക്, കരിമരം, റെഡ്വുഡ്, കരിങ്ങാലി തുടങ്ങിയ മരങ്ങളെ ഞങ്ങൾ കണ്ടു. അദ്ധ്യാപകൻ ഈ മരങ്ങളുടെ ഉപയോഗങ്ങളെക്കുറിച്ചും ഞങ്ങളോട് വിശദീകരിച്ചു. റോഡിനു കുറുകേ ഒരു മരം വീണ് കിടക്കുന്നത് കണ്ട് ഡ്രൈവർ ബസ്സ് നിറുത്തി. റോഡ് പണിക്കാർ ആ മരത്തിനെചെറിയ കഷണങ്ങളായി മുറിച്ച് മാറ്റിക്കൊണ്ടിരുന്നു. മരത്തിന്റെ നടുവിലുള്ള കറുത്ത ഭാഗത്തിനെ കാതൽ എന്നും പുറംഭാഗം മൃദുതാരു എന്നും അദ്ധ്യാപകൻ വിശദീകരിച്ചു. നിർമ്മാണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മരങ്ങളുടെ ഭാഗങ്ങളെ തടി എന്നുവിളിക്കുന്നു.

മരങ്ങളുടെ തടി ചെറിയ തീപ്പെട്ടിക്കൊള്ളികൾ മുതൽ വലിയ കപ്പലുകൾ വരെ നിർമ്മിക്കാൻ ഉപയോഗിക്കുന്നു.

പൈൻ മരങ്ങൾ തീപ്പെട്ടിക്കോലുകൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു

വീട് നിർമ്മിക്കാൻ

- തേക്ക്
- പൂവരശ്
- മുള

വീട്ടുപകരണങ്ങൾ ഉണ്ടാക്കാൻ

- മാവ്
- മഞ്ഞണാത്തി
- പടാക്ക്

കരകൗശല വസ്തുക്കൾ നർമ്മിക്കാൻ

- തേക്ക്
- മുള
- ഈട്ടി

കുരങ്ങുകൾ പിയർ പഴങ്ങളുമായി മരത്തിൽനിന്ന് മരത്തിലേക്ക് ചാടിപ്പോകുന്നത് ഞങ്ങൾ കണ്ടു. പിയർ, ഓറഞ്ച്, പ്ലം, ഉരുളക്കിഴങ്ങ്, റാഡിഷ്, കാരറ്റ്, കാബേജ് തുടങ്ങിയവ നാം ഭക്ഷണമായി ഉപയോഗിക്കുന്നു. സസ്യങ്ങളുടെ കൃഷിരീതിയെക്കുറിച്ച് ഞങ്ങളുടെ അദ്ധ്യാപകൻ വിശദീകരിച്ചു.

ഭക്ഷണത്തിനായി ഉപയോഗിക്കുന്ന സസ്യങ്ങൾ.

പിയർ

കാരറ്റ്

പ്ലംസ്

ഉരുളക്കിഴങ്ങ്

ഓറഞ്ച്

കാബേജ്

ഞങ്ങളുടെ അദ്ധ്യാപകൻ ഒരു മരം കാണിച്ചുതന്നിട്ട് അത് വില്ലോ മരമാണെന്ന് പറഞ്ഞു. വില്ലോ മരങ്ങളിൽ നിന്നാണ് ക്രിക്കറ്റ് ബാറ്റുകൾ നിർമ്മിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അതുകേട്ട് ഞങ്ങൾ അത്ഭുതപ്പെട്ടുവെന്ന് മാത്രമല്ല ആ മരത്തിനു ചുവട്ടിൽ നിന്ന് ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുകയും ചെയ്തു.

വില്ലോ മരം

വീണു കിടന്ന മരത്തിനെ റോഡിൽനിന്ന് മാറ്റിയതിനു ശേഷം ബസ്സ് വീണ്ടും യാത്ര തുടർന്നു. മലമുകളിലുള്ള റോഡിൽ എത്തിയപ്പോഴേക്കും കൂടുതൽ തണുപ്പ് അനുഭവപ്പെടാൻ തുടങ്ങി. കമ്പിളി വസ്ത്രങ്ങൾ കൊണ്ടുവരാൻ അദ്ധ്യാപകൻ നിർദ്ദേശിച്ചിരുന്നത് ഞങ്ങൾക്ക് വളരെ ഉപകാരമായി.

കുറച്ചു സമയത്തിനുശേഷം, റോഡരികിലുള്ള ഒരു ചായക്കടയ്ക്കു സമീപം ബസ്സ് നിർത്തി. അവിടെ നിന്ന് ഞങ്ങൾ വ്യത്യസ്ത രുചികളിലുള്ള ചായ കുടിച്ചു. അടുത്ത കടയിൽ

കറുവപ്പട്ട

ഏലക്കായ

ഗ്രാമ്പു

സുഗന്ധപുഷ്പങ്ങൾ

നിന്ന് ഞങ്ങൾക്ക് നല്ലൊരു സുഗന്ധം അനുഭവപ്പെട്ടു. അദ്ധ്യാപകന്റെ അനുവാദത്തോടെ ഞങ്ങൾ ആ കടയ്ക്കുള്ളിലേയ്ക്ക് പോയി. അവിടെ ധാരാളം സുഗന്ധവസ്തുക്കൾ വിൽപ്പനയ്ക്കു വച്ചിരിക്കുന്നത് കണ്ടു. ഇവയെല്ലാം ജാവാദ്, ഗ്രാമ്പു, ചന്ദനം, കറുവപ്പട്ട, സുഗന്ധപുഷ്പങ്ങൾ എന്നിവയിൽനിന്ന് ഉണ്ടാക്കിയവയായിരുന്നു. ഞങ്ങളുടെ ജിജ്ഞാസ മനസ്സിലാക്കിയ കടക്കാരൻ ആ സുഗന്ധദ്രവ്യങ്ങളെക്കുറിച്ച് വിശദീകരിക്കാൻ തുടങ്ങി. പുഷ്പങ്ങളിൽ നിന്നുണ്ടാക്കിയ സുഗന്ധദ്രവ്യങ്ങൾക്ക് നല്ല മണവും

ഔഷധഗുണവും ഉണ്ട്. അവ മനസ്സിനെയും ശരീരത്തിനേയും ഉന്മേഷഭരിതമാക്കുന്നു. കുരുമുളക്, കറുവപ്പട്ട, ഏലക്കായ, മഞ്ഞൾ എന്നിവ ഭക്ഷണത്തിന് സുഗന്ധവും സ്വാദും വർദ്ധിപ്പിക്കുന്നു. ഞങ്ങൾ കടക്കാരന് നന്ദി പറഞ്ഞിട്ട് കുറച്ചു സുഗന്ധദ്രവ്യങ്ങൾ

വാങ്ങിയശേഷം അവിടെ നിന്ന് യാത്രതിരിച്ചു.

കുറച്ചു ദൂരം കൂടി യാത്ര തുടർന്നപ്പോൾ "ഊട്ടി നിങ്ങളെ സ്വാഗതം ചെയ്യുന്നു" എന്ന് എഴുതിയിരിക്കുന്ന പരസ്യപ്പലക ഞങ്ങൾ കണ്ടു. ഞങ്ങളെല്ലാപേരും വളരെ സന്തോഷിച്ചു. ബസ്സ് അവിടെ നിർത്തി. ഞങ്ങൾ ഓരോരുത്തരായി താഴെ ഇറങ്ങി. എല്ലായിടവും ഹരിത വർണ്ണമായി കാണപ്പെട്ടു. ഉച്ചഭക്ഷണം കഴിഞ്ഞ് ഞങ്ങൾ സസ്യശാസ്ത്ര തോട്ടത്തിലേയ്ക്ക് പോകാൻ തയ്യാറായി.

ഉദ്യാനകൃഷി വകുപ്പിലെ ഒരു വഴികാട്ടി ഞങ്ങളെ ഉദ്യാനത്തിലേക്ക് നയിച്ചു. അവിടുത്തെ മനോഹാരിത കണ്ട് ഞങ്ങൾ മതിമറന്നുപേയി. ഞങ്ങൾ സസ്യങ്ങളെയും, പടരുന്ന വള്ളികളെയും, മരങ്ങളെയും പോകുന്ന വഴിയിൽ കണ്ടു. അദ്ദേഹം ഞങ്ങളെ ആദ്യം ഔഷധത്തോട്ടത്തിലേക്ക് കൊണ്ടുപോയി ഔഷധച്ചെടികളെ കാണിച്ചു തരികയും അവയുടെ ഉപയോഗങ്ങൾ പറഞ്ഞു തരികയും ചെയ്തു. അദ്ദേഹം പറഞ്ഞു, ഔഷധ ഗുണമുള്ള സസ്യങ്ങളാണ് ഔഷധ സസ്യങ്ങൾ.

ഔഷധത്തിനായി ഉപയോഗിക്കുന്ന സസ്യങ്ങൾ

ഇഞ്ചി
പിത്തത്തിന്

പുതിന
ദഹനത്തിന്

യൂക്കാലിപ്റ്റസ്
തലവേദനയ്ക്ക്

മണത്തക്കാളി
വായ്പ്പുണ്ണിന്

കൊടങ്ങൽ
ഓർമ്മശക്തി കൂടാൻ

തുളസി
ചുമയ്ക്കും കഫത്തിനും

കറ്റാർവാഴ
ത്വക്ക് സംബന്ധമായ
അസുഖത്തിന്

കുപ്പമേനി
ത്വക്ക് സംബന്ധമായ
അസുഖത്തിന്

കീഴാർനെല്ലി
മഞ്ഞപ്പിത്തത്തിന്

നറുനീണ്ടി
ശരീരം തണുപ്പിക്കുന്നതിന്

ദൂതുവളെ
നെഞ്ചിലെ കഫത്തിന്

ആവണക്ക്
മലബന്ധം അകറ്റാൻ

പിന്നീട് ഞങ്ങൾ ഒരു പുഷ്പപ്രദർശനം കാണാൻപോയി. ഉദ്യാനകൃഷി വകുപ്പിലെ ഉദ്യോഗസ്ഥൻ ഞങ്ങൾക്ക് മനോഹരങ്ങളായ പുഷ്പങ്ങൾ കാണിച്ചുതരികയും അവയുടെ പേരുകളും വിവിധ ഉപയോഗങ്ങളും വിശദീകരിക്കുകയും ചെയ്തു.

എല്ലാ പുഷ്പങ്ങളും വളരെ മനോഹരങ്ങളായിരുന്നു. ചില പുഷ്പങ്ങൾക്ക് വെള്ള നിറമായിരുന്നു. അധികവും ബഹുവർണ്ണ പുഷ്പങ്ങളായിരുന്നു. ചില പുഷ്പങ്ങൾക്ക് നല്ല മണമുണ്ടായിരുന്നു. എന്നാൽ ചില പുഷ്പങ്ങൾക്ക് യാതൊരു മണവും ഉണ്ടായിരുന്നില്ല.

വിവിധ തരങ്ങളിലുള്ള റോസാ പുഷ്പങ്ങൾ നമ്മുടെ കണ്ണുകൾക്ക് വിരുന്നൊരുക്കി. റോസാപ്പൂവ്, ജമന്തി, ഓർക്കിഡ് എന്നിവ കൊണ്ടുള്ള പൂച്ചെണ്ടുകൾ കണ്ട് ഞങ്ങൾ വളരെയധികം സന്തോഷിച്ചു.

ഔഷധമായും, ഭക്ഷണമായും, സുഗന്ധദ്രവ്യങ്ങളായും ഉപയോഗിക്കുന്ന പുഷ്പങ്ങളെ കുറിച്ച് ആ വഴികാട്ടി ഞങ്ങൾക്ക് വിശദീകരിച്ചുതന്നു. നീല, മഞ്ഞ ചായങ്ങൾ ഉണ്ടാക്കുന്നതിന് യഥാക്രമം ക്ലിറ്റോറിയ, മോറിൻഡ എന്നീ പുഷ്പങ്ങൾ ഉപയോഗിക്കുന്നതായി അദ്ദേഹം പറഞ്ഞു. ഈ ചായങ്ങൾ തുണികൾക്ക് നിറം കൊടുക്കുന്നതിനും, മഷികൾ ഉണ്ടാക്കുന്നതിനും, പെയിന്റുകൾ, വാർണിഷുകൾ എന്നിവ ഉണ്ടാക്കുന്നതിനും ഉപയോഗിക്കുന്നു.

തുമ്പപ്പൂവ്

നിത്യകല്യാണി

മുരിങ്ങപ്പൂവ്

ഔഷധത്തിനായി ഉപയോഗിക്കുന്ന പുഷ്പങ്ങൾ

ചെമ്പരത്തിപ്പൂവ്

റോസാപ്പൂവ്

വേപ്പിൻപ്പൂവ്

ഉമ്മത്തിൻപൂവ്

ഔഷധ പുഷ്പങ്ങൾ		രോഗനിവാരണം
നിത്യ കല്യാണി	-	രക്താർബുദത്തിന്
ചെമ്പരത്തിപ്പൂവ്	-	ഹൃദയ തകരാറിനും രക്ത ശുദ്ധിയ്ക്കും
വേപ്പിൻപൂവ്	-	കുടലിലെ കൃമികളെ നശിപ്പിക്കുന്നതിന്
ഉമ്മത്തിൻപൂവ്	-	ആസ്മ സുഖപ്പെടുത്താൻ
ഗ്രാമ്പൂ	-	പല്ലു വേദന ശമിപ്പിക്കുന്നതിന്
റോസാപ്പൂവ്	-	ശരീരം തണുപ്പിക്കുന്നതിന്
തുമ്പപ്പൂവ്	-	ജലദോഷവും ചുമയും ശമിപ്പിക്കുന്നതിന്
മുരിങ്ങപ്പൂവ്	-	ഇരുമ്പിന്റെ നല്ല സ്രോതസ്സ്, രക്തത്തിലെ രക്താണുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

താമര

സുഗന്ധദ്രവ്യങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന പുഷ്പങ്ങൾ

മുല്ലപ്പൂവ്

പാരിജാതം

ഡാലിയ

റോസാപ്പൂവ്

ചെമ്പകപ്പൂവ്

ക്രിസാൻതെമം

പൂന്തോട്ടത്തിൽ കുറച്ചു സമയം വിശ്രമിച്ചതിനുശേഷം, ഞങ്ങൾ സന്തോഷത്തോടെ പട്ടണത്തിലേക്ക് മടങ്ങി. ഈ പഠനയാത്ര എനിക്ക് വളരെയധികം സന്തോഷം നൽകി.

ഇതുപോലെ നീയും നിന്റെ പഠനയാത്രാനുഭവങ്ങൾ എന്നോട് പങ്കു വയ്ക്കില്ലേ?

മറുപടി പ്രതീക്ഷിച്ചുകൊണ്ട്.

ആർ. സുന്ദർ,
25, പൊതികൈ തെരുവ്,
ആദംബാക്കം, ചെന്നൈ - 600016.

സ്നേഹത്തോടെ,

തമിഴരശൻ.

പട്ടിക പൂർത്തിയാക്കുക :

കരിമ്പ്, റോസാപ്പൂവ്, നെല്ല്, തേക്ക്, ചെമ്പരത്തി, കുവരക്, ട്യൂബ്റോസ്, മാങ്ങ, പേരയ്ക്ക, കത്തിരിക്ക, തക്കാളി, പൂവരശ്, തുളസി, ചക്ക, നന്ത്യാർവട്ടം, കരിങ്ങാലി, മുള

ഔഷധമായി	ഭക്ഷണമായി	സുഗന്ധദ്രവ്യമായി	വീട്ടുപകരണങ്ങൾ ഉണ്ടാക്കാൻ

മൂല്യനിർണ്ണയം

I.ശരിയുത്തരം തെരഞ്ഞെടുക്കുക :

1. ഭക്ഷണയോഗ്യമായ ഒരു ധാന്യം

   a) മൊച്ചപ്പയർ b) നെല്ല് c) ചതുരപ്പയർ d) അമരപ്പയർ

2. ഭക്ഷണയോഗ്യമായ ഒരു പയറുവർഗ്ഗം

   a) ഉഴുന്ന് b) നെല്ല് c) ഗോതമ്പ് d) തിന

3. ഭക്ഷണയോഗ്യമായ ഒരു പുഷ്പം

   a) മുല്ലപ്പൂവ് b) ക്രോസേൻഡ്ര c) കോളിഫ്ളവർ d) ട്യൂബ്റോസ്

4. ഒരു ഔഷധച്ചെടി

   a) വെണ്ട b) ബീൻസ്

   c) കരിമ്പ് d) കീഴാനെല്ലി

5. വീടുകൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഉയർന്നതരം മരങ്ങൾ

   a) വേപ്പ് b) തേക്ക് c) വാക d) പൂവരശ്

II.പൂരിപ്പിക്കുക :

1. പച്ചയായി കഴിക്കാവുന്ന ഒരു പച്ചക്കറി __________ ആകുന്നു.
2. മരസാധനങ്ങൾ ഉണ്ടാക്കാൻ മരത്തിന്റെ __________ ഭാഗം ഉപയോഗിക്കുന്നു.
3. __________ മഞ്ഞപിത്തം ഗുണപ്പെടുത്താൻ ഉപയോഗിക്കുന്നു.
4. പല്ലുവേദനയ്ക്ക് __________ ഒരു നല്ല ഔഷധം ആകുന്നു.
5. രക്താർബുദം സുഖപ്പെടുത്താൻ __________ പൂവ് ഉപയോഗിക്കുന്നു

III. യോജിപ്പിക്കുക :

1.	ഭക്ഷണയോഗ്യമായ പുഷ്പം	a)	മണിത്തക്കാളി
2.	ധാന്യം	b)	തേക്ക്
3.	നല്ല മരം	c)	വാഴപ്പൂവ്
4.	ഔഷധ സസ്യങ്ങൾ	d)	മുല്ലപ്പൂവ്
5.	സുഗന്ധ ദ്രവ്യം	e)	റാഗി

IV. ഒന്നോ രണ്ടോവാക്യത്തിൽ ഉത്തരം എഴുതുക :

1. ഔഷധച്ചെടികൾ എന്താലെന്ത്?
2. ചില ഇല വർഗ്ഗത്തിൽപ്പെട്ട പച്ചക്കറികളുടെ പേരെഴുതുക.
3. പച്ചയായി കഴിക്കാവുന്ന ചില പച്ചക്കറികളുടേയും വേരുകളുടേയും പേരെഴുതുക.
4. പുഷ്പത്തിന്റെ ഉപയോഗങ്ങൾ എന്തെല്ലാം?
5. വീടുകൾ ഉണ്ടാക്കുവാനുപയോഗിക്കുന്ന ചില മരങ്ങളുടെ പേരെഴുതുക.
6. കുടലിലെ കൃമി നശീകരണത്തിന് ഉപയോഗിക്കുന്ന പൂവ് ഏതാണ് ?

V. വിശദമായി ഉത്തരമെഴുതുക:

1. നിങ്ങളുടെ പഠനയാത്രയിൽ നിങ്ങൾക്ക് അറിയാൻ കഴിഞ്ഞ ചെടികൾ, മരങ്ങൾ, പുഷ്പങ്ങൾ, പഴങ്ങൾ തുടങ്ങിയവയെക്കുറിച്ച് എഴുതുക.
2. സസ്യങ്ങളുടെ വിവിധ ഉപയോഗങ്ങളെക്കുറിച്ച് എഴുതുക? ഉദാഹരണങ്ങളിലൂടെ വിശദമാക്കുക.

VI . പ്രോജക്ട് :

- പുഷ്പങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.
- ലഭ്യമാകുന്ന പൂക്കൾ ശേഖരിക്കുക, അവ അമർത്തി ഉണക്കി, ഒട്ടിച്ച്, പേരെഴുതി ഉണങ്ങിയ പുഷ്പങ്ങളുടെ ഒരു ആൽബം തയ്യാറാക്കുക.
- ഔഷധച്ചെടികളെക്കുറിച്ചും, അവയുടെ ഭാഗങ്ങളെക്കുറിച്ചും, അവ സുഖപ്പെടുത്തുന്ന രോഗങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുക.
- വിവിധതരത്തിലുള്ള സുഗന്ധ വ്യഞ്ജനങ്ങളെ ശേഖരിച്ച് ഒരു ചാർട്ടിൽ പ്രദർശിപ്പിക്കുക.

'എനിക്കും സാധിക്കും, ഞാൻ ചെയ്തു'

('I can, I did')

വിദ്യാർത്ഥികളുടെ പ്രവർത്തനവിവരസൂചിക

വിഷയം

ക്രമ നമ്പർ	തിയതി	പാഠഭാഗം	പാഠത്തിന്റെ തലക്കെട്ട്	പ്രവർത്തനം	കുറിപ്പ്